**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**പട്ടികജാതിക്കാർക്ക് ധനസഹായം**

4136 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും എന്തു തുക ധനസഹായമായി നൽകുന്നുണ്ടെന്ന് അറിയിക്കാമോ; ഈ നിരക്കിൽ എല്ലാ ഭവനരഹിതർക്കും സഹായം നൽകാനുളള ഫണ്ട് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(ബി) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തതിനാൽ കൂട്ടുകുടുംബമായി കഴിയുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് വസ്തുവും വീടും നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ പരിശീലനത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം സഹായങ്ങളാണ് പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>സ്വയംപര്യാപ്തഗ്രാമങ്ങൾ</u>

4137 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായങ്ങൾക്ക് പ്രാമുഖ്യമുള്ള പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വയംപര്യാപ്തഗ്രാമങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത ഗ്രാമങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുവഴി ഓരോ ഗ്രാമത്തിനും എന്തെല്ലാം ധനസഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**പലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ്**

**4138** **ശ്രീ.എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ പട്ടികജാതി വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനാവശ്യമായ തുക ഏതു ഫണ്ടിൽ നിന്നാണ് ലഭ്യമാക്കുന്നത്; ഇതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത കോളേജ് ആരോഗ്യ വകുപ്പിന് കൈമാറുവാൻ ഉദ്ദേശ്യമുണ്ടോ; കോളേജിന്റെ നിത്യ ചെലവുകൾക്കുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ പട്ടികജാതിക്കാർക്ക് സംവരണം നൽകാൻ ആലോചിക്കുന്നുണ്ടോ; മെഡിക്കൽ കോളേജിന് സ്വകാര്യ പങ്കാളിത്തമില്ലെന്ന് ഉറപ്പുവരുത്തുമോ ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജ് ഏതുവർഷം പൂർണ്ണമായ രീതിയിൽ പ്രവർത്തനമാരംഭിക്കുമെന്നും പ്രതിവർഷം എന്തു തുക ചെലവു വരുമെന്നും അറിയിക്കുമോ;

(ഇ) മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കാമോ;

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

(എഫ്) അഞ്ച് വര്‍ഷം കൊണ്ട് എത്ര കുട്ടികള്‍ക്ക് മെഡിക്കല്‍ വിദ്യാഭ്യാസം നേടാനാവുമെന്നും ഡോക്ടര്‍മാര്‍, പാരാമെഡിക്കല്‍ സ്റ്റാഫ്, ഇതര സ്റ്റാഫംഗങ്ങള്‍ എന്നീ വിഭാഗത്തില്‍ എത്ര ജീവനക്കാര്‍ ആവശ്യമായി വരുമെന്നും ഓരോ ഇനത്തിലും എത്ര പേര്‍ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; ബ്രേക്ക് ഈവന്‍ എന്നത്തേയ്ക്കാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ?

ല്‍

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### പാലാക്കാട് നിർദ്ദിഷ്ട മെഡിക്കൽ കോളേജ്

**4139 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് 2011-12 വാർഷിക ബജറ്റിൽ തുക നീക്കിവച്ചിരുന്നുവോ; ഇല്ലെങ്കിൽ കോളേജ് ആരംഭിക്കാനുള്ള ഫണ്ട് എവിടെ നിന്നും ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12 വാർഷിക ബജറ്റിൽ പട്ടികജാതി വകുപ്പിന് നീക്കിവച്ച ഫണ്ടിൽ മെഡിക്കൽ കോളേജിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ ഏതെല്ലാം ഹെഡുകളിൽ ചെലവാകാതിരുന്ന തുകയാണ് ഇതിനായി വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജ് ഏതു വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ജീവനക്കാർ ഏത് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമെന്നും ശമ്പളം ഏത് വകുപ്പ് മുഖേന നൽകുമെന്നും വ്യക്തമാക്കുമോ;

(ഡി) കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ഏതു അദ്ധ്യയനവർഷം മുതൽ ക്ലാസ്സുകൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) എസ്.സി-എസ്.ടി വിദ്യാർത്ഥികൾക്ക് പ്രവേശനം, ഫീസ് എന്നീ ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; സംസ്ഥാനത്ത് ആകെ ലഭിക്കുന്ന സീറ്റിനേക്കാൾ കൂടുതൽ സീറ്റുകൾ പ്രസ്തുത കോളേജിൽ ഈ വിഭാഗത്തിന് ലഭിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ**

**4140**

**ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും പിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് റോഡുകൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) കുറ്റ്യാടി മണ്ഡലത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന അംബേദ്കർ കോളനിയിലേയ്ക്കുളള റോഡിന് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>പട്ടികജാതി വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ്</u>**

4141 **ശ്രീ. ബെന്നി ബെഹനാൻ**
**,, വർക്കല കഹാർ**
**,, പി. എ. മാധവൻ**
**,, വി. പി. സജീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് മെഡിക്കൽ കോളേജ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ;

(ബി) മെഡിക്കൽ കോളേജ് തുടങ്ങുവാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയതിന്റെ പ്രാരംഭ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**കോർപ്പസ് ഫണ്ട് അനുവദിക്കപ്പെട്ട പ്രവൃത്തികൾ**

**4142**

**ശ്രീ. കെ. കുഞ്ഞിരാമൻ( തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും പിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പസ് ഫണ്ട് വഴി ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>പട്ടികജാതിവകുപ്പിൽനിന്ന് ധനസഹായം</u>

**4143** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഹൃദ്രോഗം, കാൻസർ, മസ്തിഷ്കരോഗം എന്നിവയുടെ ചികിത്സയ്ക്കായി ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പുതിയ പദ്ധതികൾ**

**4144** ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുവാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ**

4145 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എ+, എ ഗ്രേഡുകൾ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് 2013-14 വർഷത്തെ എൻട്രൻസ് പരീക്ഷകൾക്കുള്ള പരിശീലനത്തിനായി ഏതെല്ലാം സ്ഥലങ്ങളിലാണ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തനത്തിനായി 2011-12 സാമ്പത്തിക വർഷത്തിൽ എത്ര ലക്ഷം രൂപ ചെലവാക്കിയെന്ന് പറയാമോ;

(സി) പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ഡി) ചിറയിൽകീഴ് താലൂക്കിൽ ഇത്തരത്തിൽ ഒരു സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്**

4146 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച അപേക്ഷകളോ പരാതികളോ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ബാബു വിജയനാഥന്‍ കമ്മീഷന്‍ ശുപാര്‍ശകള്‍**

**4147** **ശ്രീ. വി. എസ്. സുനില്‍ കുമാര്‍**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ചിറ്റയം ഗോപകുമാര്‍**
**,, കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി-പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങള്‍ സംബന്ധിച്ച് പഠനം നടത്തിയ ബാബു വിജയനാഥന്‍ കമ്മീഷന്റെ ശുപാര്‍ശകള്‍ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ശുപാര്‍ശകള്‍ പ്രകാരമുള്ള ആനുകൂല്യങ്ങള്‍ വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കുന്നുണ്ടോ;

(സി) മൂന്ന് വര്‍ഷം കൂടുമ്പോള്‍ ആനുകൂല്യം വര്‍ദ്ധിപ്പിക്കണമെന്ന് ശുപാര്‍ശ ചെയ്തിട്ടുണ്ടോ; അതിന്‍പ്രകാരം അവസാനമായി ആനുകൂല്യം വര്‍ദ്ധിപ്പിക്കേണ്ടിയിരുന്നത് എന്നാണ്; യഥാസമയം വര്‍ദ്ധിപ്പിക്കാന്‍ കഴിയാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) മുന്‍കാലങ്ങളെ അപേക്ഷിച്ച് ഇപ്പോഴുണ്ടായിരിക്കുന്ന വര്‍ദ്ധന കുറവാണെന്ന ആക്ഷേപം പരിഹരിക്കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

<u>**ലംപ്സംഗ്രാന്റ് വര്‍ദ്ധിപ്പിക്കുന്നതിന് നടപടി**</u>

**4148** **ശ്രീമതി ഗീതാ ഗോപി**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

**(എ)** **സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കുന്ന ലംപ്സംഗ്രാന്റ് മറ്റു പിന്നോക്ക വിഭാഗ വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കുന്ന ലംപ്സംഗ്രാന്റ് തുകയേക്കാള്‍ കുറവാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

**(ബി)** **എങ്കില്‍ തുക വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫീസാനുകൂല്യം</u>

**4149**

**ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും പിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പടിഞ്ഞാറങ്ങാടിയിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി ആർട്സ്& സയൻസ് കോളേജിൽ പഠിച്ചിരുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പ് മുഖേന സാമ്പത്തിക സഹായം മുൻകാലങ്ങളിൽ അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതുവർഷം വരെയാണ് അനുവദിച്ചിരുന്നത്;

(ബി) ഇപ്പോൾ ഫൈനൽ വർഷത്തിൽ ജേർണലിസം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ മൂന്നുവർഷവും സർക്കാരിൽ നിന്നും ഫീസ് ആനുകൂല്യം ലഭ്യമാകുമെന്ന് പ്രതീക്ഷിച്ച് പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ചാലക്കുടി വി. ആർ. പുരം ഗവൺമെന്റ് ഐ. ടി.ഐ യിൽ പുതിയ കോഴ്സ്**

**4150 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള വി. ആർ പുരം വനിതാ ഐ. റ്റി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ. റ്റി.ഐ യിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂടുതൽ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കോട്ടയം മധുരവേലിയിലെ ഗവൺമെന്റ് ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ</u>**

**4151 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കോട്ടയം മധുര വേലിയിലെ ഗവൺമെന്റ് ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മധുരവേലി ഐ. ടി. ഐ. യുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ. ടി. ഐ.കൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ**

**4152 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട് ;

(ബി) നാദാപുരം മണ്ഡലത്തിൽ എവിടെയെങ്കിലും പട്ടികജാതിവകുപ്പ് പ്രീമെട്രിക് ഹോസ്റ്റലിനായി സ്ഥലം വാങ്ങിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ സർവ്വേനമ്പർ, വിസ്തൃതി, വില എന്നിവ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

## കായംകുളം അസംബ്ലി മണ്ഡലത്തിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

4153 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തിവയ്ക്കാൻ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണാനുമതി ലഭിച്ച്, കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണചുമതല നൽകിയിട്ടും എന്തെല്ലാം പോരായ്മയുടെ പേരിലാണ് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയത്;

(സി) പ്രസ്തുത പോരായ്മകൾ സ്കെച്ച്, എസ്റ്റിമേറ്റ് എന്നിവയ്ക്ക് അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ആയത് മുൻകൂട്ടി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നോ; വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് വസ്തുതാപരമാണോ എന്ന് പരിശോധിച്ച്, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കായംകുളം അസംബ്ലി മണ്ഡലത്തിലും ഈ മണ്ഡലത്തോട് ചേർന്നു കിടക്കുന്ന ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, കരുനാഗപ്പള്ളി മണ്ഡലങ്ങളിലും പഠിക്കുന്ന പട്ടികജാതി കുടുംബത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം വ്യക്തമാക്കാമോ? ഇവർക്ക് ഈ ഹോസ്റ്റൽ പ്രയോജനപ്പെടുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വെള്ളായണി അയ്യൻകാളി മെമ്മോറിയൽ**
**മോഡൽ റസിഡൻഷ്യൽ സ്കൂൾ**

**4154 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെള്ളായണി അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തികൾക്ക് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും; അതിനായി എന്തു ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

'വിജ്ഞാന്‍ വാടി'

4155 ശ്രീ. എ.എ. അസീസ്
'' കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ''വിജ്ഞാന്‍ വാടി'' പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതിയിന്‍ കീഴില്‍ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് നടത്തുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) യുവാക്കള്‍ക്ക് തൊഴില്‍ ലഭ്യമാക്കുന്നതിനാവശ്യമായ പരിശീലനം പ്രസ്തുത പദ്ധതിയിലൂടെ നല്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ഉദുമ നിയോജക മണ്ഡലത്തിലെ വിജ്ഞാൻവാടികൾ</u>**

**4156 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളിൽ 'വിജ്ഞാൻവാടി' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പട്ടികജാതി കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(സി) മേൽപദ്ധതി ഉദുമ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിൽ നടപ്പിലാക്കണമെന്നാണ് സ്ഥലം എം.എൽ.എ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത കോളനിയിൽ വിജ്ഞാൻവാടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കാമോ?

കേരള നിയമസഭ
27.06.2012 -ലെ മറുപടിക്ക്

പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ
സ്വയംസഹായ സംഘങ്ങൾ

4157 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകി അവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാട, മുയൽ, ആട്(QRG) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങൾ പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>പട്ടികജാതി പിന്നോക്ക സമുദായങ്ങൾക്ക് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>**

4158 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകി വരുന്നതെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതി - പിന്നോക്ക സമുദായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കുന്നത്; ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

**<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ</u>**

4159 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ജില്ലാ – താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പ**

4160 ശ്രീ. വി.പി സജീന്ദ്രൻ
,, അൻവർ സാദത്ത്
,, പി.എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>മൺപാത്ര നിർമ്മാണത്തിന് കളിമണ്ണ് ലഭ്യമാക്കാൻ നടപടി</u>**

4161 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോട്ടത്തറയിൽ താമസിക്കുന്ന പരമ്പരാഗതമായി മൺപാത്രനിർമ്മാണം നടത്തുന്ന കുംബാര കോളനി നിവാസികൾക്ക് പാത്രനിർമ്മാണത്തിന് ആവശ്യമായ കളിമണ്ണ് ലഭിക്കാത്തതുമൂലം തൊഴിലില്ലാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് കുറഞ്ഞ നിരക്കിൽ കളിമണ്ണ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വകുപ്പിന്റെ കീഴിൽ കളിമൺകൊണ്ടുള്ള നൂതനമായ കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്ന സർക്കാർ സ്ഥാപനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവയുടെ വിലാസം, ഫോൺനമ്പർ സഹിതം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പരിശീലനം നേടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ടൂറിസം രംഗത്തെ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത**

4162 **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, കെ. ശിവദാസൻ നായർ**
**,, പാലോട് രവി**
**,, സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തെ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുളളത്;

(ബി) ഇതിനായി കിറ്റ്സിന്റെ പ്രവർത്തനങ്ങൾ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കോ ടൂറിസം മേഖലയെ വിനോദസഞ്ചാരികൾക്ക് ശാസ്ത്രീയമായി പരിചയപ്പെടുത്തുന്നതിനുളള എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പ്</u>

4163

**പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികൾ ഓരോന്നിന്റെയും ഘടനയും അധികാരങ്ങളും സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) ഫെസ്റ്റിവൽ നടത്തിപ്പിന് പ്രത്യേക ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ ആരെല്ലാം ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് നിശ്ചയിക്കപ്പെട്ട വേതനം എന്തെന്നും വിശദമാക്കാമോ;

(ഡി) ജി.കെ.എസ്.എഫ്. നടത്തിപ്പിനായി പ്രത്യേക സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങൾ നിലവിലുണ്ടോ; കമ്പനി രൂപീകരിക്കാനുള്ള ശ്രമം ഇപ്പോൾ റദ്ദാക്കിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

വിനോദസഞ്ചാരം വഴി സർക്കാരിന്
ലഭിച്ച വരുമാനം

4164 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യുറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷം സംസ്ഥാനത്തെത്തുന്ന വിദേശസഞ്ചാരികളിൽ യുറോപ്യൻ രാജ്യങ്ങളിൽനിന്നുള്ളവർ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇന്ത്യയിൽ കഴിഞ്ഞവർഷമെത്തിയ മൊത്തം ടൂറിസ്റ്റുകളിൽ എത്ര ശതമാനം പേർ കേരളം സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞവർഷം എത്ര വിദേശസഞ്ചാരികളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളും കേരളം സന്ദർശിച്ചുവെന്നും ഇതുവഴി എത്ര കോടി രൂപ സംസ്ഥാന ഖജനാവിന് ലഭിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ടൂറിസം കേന്ദ്രങ്ങളിലെ നിയമവിരുദ്ധ പ്രവർത്തികൾ**

**4165**

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും പിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിൽ ബാലപീഡനം,മനുഷ്യക്കടത്ത് ലഹരി മരുന്ന് എന്നിവയ്ക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടങ്ങളുടെ എത്ര ശതമാനമാണ് വിനോദസഞ്ചാര ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുളളത്; വിശദമാക്കുമോ;

(ഡി) ഹോം സ്റ്റേകളെ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വിനോദ സഞ്ചാര മേഖലയിലെ നിക്ഷേപങ്ങൾക്ക് പുതുതായി സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) അടിയന്തിര സാഹചര്യങ്ങളിൽ വിനോദസഞ്ചാരികളെ സഹായിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ആയുർവ്വേദ മസ്സാജു സെന്ററുകൾ**

**4166 ശ്രീ. കെ. വി. അബ്ദുൾഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആയുർവ്വേദ മസ്സാജ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം അനുമതി നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുളള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളോടനുബന്ധിച്ച് അനധികൃതമായി ആയുർവ്വേദ മസ്സാജ് സെന്ററുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം അനധികൃത മസാജ് സെന്ററുകൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ടൂറിസം മേഖലകളിൽ പരിഷ്ക്കാരം**

**4167 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എത്ര കോടി രൂപയ്ക്ക് മുകളിലുള്ള ടൂറിസം പദ്ധതികൾക്കാണ് പെട്ടെന്ന് അനുമതി നൽകാനായി അതിവേഗ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രധാന ടൂറിസംമേഖലകളിൽ ഡിസ്പോസിബിൾ പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആദ്യം ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് വാർഡൻമാരെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ ഇവരുടെ നിയമനം എപ്രകാരം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും തുടക്കത്തിൽ എത്ര പേരെ നിയമിച്ചുവെന്നും ഇവരുടെ ശമ്പളം എന്തായിരിക്കുമെന്നും ഇവരുടെ ജോലി എപ്രകാരമുള്ളതായിരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം**

4168 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കാനുള്ള പരിപാടികൾക്ക് രൂപം നൽകുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**സർക്കാർ ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണത്തിന് ഈടാക്കുന്ന വില**

**4169 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗസ്റ്റ് ഹൗസിലെ ഭക്ഷണത്തിന് വില നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭക്ഷണത്തിന് നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുക ഈടാക്കുന്നതിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഉത്തരവ് GO(MS)No:467/07/TSM തീയതി 11.10.2007 അനുസരിച്ച് ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണത്തിന്റെ വിലവിവര പട്ടിക പ്രദർശിപ്പിച്ചിരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് ഇറക്കുമോ;

(ഡി) വിലവിവര പട്ടികയിലെ തുകയെക്കാൾ അധിക തുക ഈടാക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് നിലവിൽ അധികാരമുണ്ടോ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഗസ്റ്റ് ഹൗസുകളിൽ 1 ലിറ്റർ മിനറൽ വാട്ടറിന് എത്ര രൂപയാണ് ഈടാക്കുന്നത്; കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർക്കാർ നിശ്ചയിച്ച തുകയെക്കാൾ കൂടുതൽ തുക ഈടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### ടൂറിസം ബോർഡ് രൂപവൽക്കരണം

4170 ശ്രീ. ഷാഫി പറമ്പിൽ
'' പി. സി. വിഷ്ണുനാഥ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം ബോർഡ് രൂപവൽക്കരണം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

**4171 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകളെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**<u>ടൂറിസം മേഖലയിലെ താൽക്കാലിക ജീവനക്കാർ</u>**

**4172 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ടൂറിസം മേഖലയിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ എവിടെ എല്ലാമാണ് ജോലി ചെയ്യുന്നതെന്നും, ഓരോ സ്ഥലത്തും എത്ര പേരുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>തൃപ്രയാർ ശ്രീരാമസ്വാമിക്ഷേത്രത്തിൽ 'പിൽഗ്രിം സെന്റർ'</u>**

**4173 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കേരളത്തിലെ അതിപുരാതന ക്ഷേത്രമായ തൃപ്രയാർ ശ്രീരാമസ്വാമിക്ഷേത്രത്തിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി ഒരു 'പിൽഗ്രിം സെന്റർ' ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

<u>**കഠിനംകുളം വാട്ടർ സർക്യൂട്ട് പദ്ധതി**</u>

**4174 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് ചിറയിൻകീഴ് താലൂക്കിൽ നടപ്പിലാക്കി വരുന്ന കഠിനംകുളം വാട്ടർ സർക്യൂട്ട് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ;

(ബി) ആരാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുളളത്;

(ഡി) പ്രസ്തുത പദ്ധതിയുടെ കരാർ തുക എത്രയാണ്; കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ആലപ്പുഴ ബീച്ച് ടൂറിസം മെച്ചപ്പെടുത്തുവാൻ പുതിയ പദ്ധതി</u>**

**4175 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ച് ടൂറിസം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ആലപ്പുഴ ബീച്ചിൽ നിലവിൽ എത്ര ഗാർഡുകൾ ജോലി ചെയ്യുന്നു; പ്രസ്തുത ഗാർഡുകളെ ആരാണ് നിയമിച്ചതെന്ന് അറിയിക്കുമോ;

(സി) ബീച്ചിൽ ഗാർഡുകളുടെ സേവനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബീച്ചിൽ നായ്ക്കളുടെ ശല്യം കൂടുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(ഇ) രാത്രികാലങ്ങളിൽ ബീച്ചിൽ മതിയായ പോലീസ് സാന്നിദ്ധ്യം ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**'കുമ്പളങ്ങി മോഡൽ ടൂറിസം വില്ലേജ്' പദ്ധതി**

**4176 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുമ്പളങ്ങി ടൂറിസം പദ്ധതിയോടൊപ്പം പ്രഖ്യാപിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ 'കുമ്പളങ്ങി മോഡൽ ടൂറിസം വില്ലേജ്' പദ്ധതി യാഥാർത്ഥ്യമാകാത്തതിനുള്ള കാരണം പരിശോധിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പെരുമ്പാവൂര്‍ പാലക്കാട്ട് താഴം പാലം മോടിപിടിപ്പിക്കുന്നതിന് നടപടി**

**4177 ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പെരുമ്പാവൂര്‍ പാലക്കാട്ട് താഴം പാലം മോടിപ്പിടിപ്പിക്കുന്നതിനും പേ ആന്റ് യൂസ് ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി അടിയന്തിരമായി പൂര്‍ത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(സി) ഡി.റ്റി.പി.സി. സമര്‍പ്പിച്ച പദ്ധതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തൃശൂർ ജില്ലയിൽ വിനോദസഞ്ചാര പദ്ധതികൾ**

**4178 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റശേഷം തൃശൂർ ജില്ലയിൽ വിനോദസഞ്ചാര മേഖലയിൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമൂഴിയിൽ ബട്ടർഫ്ളൈ പാർക്ക്</u>

**4179** ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡത്തിലെ തുമ്പൂർമൂഴിയിൽ കാർ റോപ്പ് വേ, ബട്ടർഫളൈ പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മീൻവല്ലം ടൂറിസ്റ്റ് കേന്ദ്രം**

**4180 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മീൻവല്ലം ടൂറിസം കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### ശാന്തിതീരം റിവര്‍സൈഡ് വാക്ക്‌വേ

4181 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം സിവില്‍സ്റ്റേഷനുസമീപം നടപ്പാക്കുന്ന ശാന്തിതീരം റിവര്‍സൈഡ് വാക്ക്‌വേയുടെ നിര്‍മ്മാണ പ്രവര്‍ത്തനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് ;

(ബി) നിര്‍മ്മാണത്തിന്റെ ഓരോ ഘട്ടത്തിനും ഇതുവരെ എന്ത് തുക ചെലവഴിച്ചു ;

(സി) പ്രസ്തുത വാക്ക്‌വേ ആകര്‍ഷമാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂര്‍ത്തീകരിക്കാന്‍ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>മലപ്പുറം ചെരുപ്പടിമലയുടെ ടൂറിസം സാദ്ധ്യതകൾ</u>

4182

## ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മലപ്പുറം ജില്ലയുടെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ചെരുപ്പടിമലയുടെ ടൂറിസം സാദ്ധ്യതകൾ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം വികസനത്തിന് പദ്ധതികളാവിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ബാലാതിരുത്തിയിൽ ഇക്കോടൂറിസം പദ്ധതി**

**4183 ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ബാലാതിരുത്തിയിൽ നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതിയ്ക്കുവേണ്ടി നീക്കിവച്ച ഒരു കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക ചെലവഴിക്കുന്നതിനായി വനംവകുപ്പ് സമർപ്പിച്ച പദ്ധതികൾ എന്തുകൊണ്ടാണ് സ്വീകരിക്കപ്പെടാതിരുന്നതെന്ന് അറിയിക്കാമോ ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിട്ടുള്ള അനാസ്ഥ പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിച്ച് പ്രസ്തുത പദ്ധതി ഉടൻ പ്രാവർത്തികമാക്കുമോയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ടൂറിസം മേഖലയിൽ അനുവദിച്ച തുക**

**4184** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്;

(സി) പദ്ധതികളുടെ പേരുകൾ, അനുവദിച്ച തുക സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ**
**ഇക്കോ ടൂറിസം പദ്ധതി**

4185 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽപ്പെട്ട മരാട്, ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ അനുയോജ്യമായ പ്രദേശമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ ; ഇതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>വയനാട്ടിൽ ''എന്റെ ഊരു'' പദ്ധതി</u>

4186 **ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ വയനാട്ടിൽ 'എന്റെ ഊരു' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ;

(ഡി) നടപ്പുവർഷം പ്രസ്തുത പദ്ധതിയ്ക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

<u>വയനാട് മാസ്റ്റര്‍ പ്ലാന്‍</u>

4187 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വയനാട് മാസ്റ്റര്‍ പ്ലാന്‍ സംബന്ധിച്ച പ്രോജക്ട് റിപ്പോര്‍ട്ട് കേന്ദ്ര സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് സപ്തധാര പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മുഴുപ്പിലങ്ങാട് ധർമ്മടം ബോട്ട് സർവ്വീസ്**

**4188 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് ബീച്ചിനെയും ധർമ്മടം തുരുത്തിനെയും ബന്ധപ്പെടുത്തി ഒരു ബോട്ട് സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി</u>**

**4189 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ ഏടെറ്റുത്തിട്ടുളളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷത്തിൽ എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ; മറ്റ് പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>ധർമ്മടം നിയോജക മണ്ഡലത്തിൽ ടൂറിസം വികസന പ്രവൃത്തികൾ</u>**

**4190 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ഏതെല്ലാം പ്രവൃത്തികൾ നടക്കുന്നുണ്ട് എന്നും ഇത് ഏതൊക്കെ ഘട്ടത്തിലാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ബേക്കൽ പാർക്കിന് സമീപം പുതിയ പാർക്ക്**

4191

**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ പാർക്കിന് സമീപം സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക് നിർമ്മിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക ഇതേവരെ ചെലവായെന്ന് വ്യക്തമാക്കുമോ; പാർക്ക് നിർമ്മാണത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് ഇത് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പാർക്ക് പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കാത്തത് കാരണം ഇത് സാമൂഹ്യദ്രോഹികൾ കയ്യേറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് നിർമ്മാണം പൂർത്തിയാക്കി എന്ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും എന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ബേക്കൽ ടൂറിസം കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

**4192 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വാട്ടർ അതോറിറ്റി ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ:

(ബി) കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മലബാർ ടൂറിസം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ**

**4193 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമിട്ട് മലബാർ ടൂറിസം പാക്കേജിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏറനാട് മണ്ഡലത്തിലെ ആസ്യൻപാറ, കോഴിപ്പാറ, ആനപ്പാറ എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ/നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് കാരണമെന്നും, എപ്പോൾ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 18.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.